LIBRARY ARCHIVES Kerala Legislative Assembly

മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ

283 (623) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മിഷൻ ഫോർ എന്റർപ്രൈസസ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ എന്ന കമ്പനി തുടങ്ങണമെന്ന യുവ സംരംഭകത്വ നയത്തിലെ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ ; പ്രസ്തുത കമ്പനി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

സംസ്ഥാനത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നതിനായി സംസ്ഥാന പ്ലാനിംഗ് ബോർഡ് ചില നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിൽ ഈ കർമ്മ പദ്ധതി ഒരു സെക്ഷൻ 8 കമ്പനി മുഖേന നടപ്പിലാക്കുവാനുള്ള ശുപാർശയുമുണ്ട്. മേൽ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന പ്രാരംഭ നടപടികൾ നടന്നു വരുന്നു.

യെസ് സംഗമം മുഖേന യുവസംരംഭകർക്ക് അവസരം

284 (624) ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ യെസ് സംഗമം ഉദ്ദേശിച്ച രീതിയിൽ നിക്ഷേപ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനു സഹായകമായിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) യുവസംരംഭകരായി വരുന്നവർ യെസ് സംഗമത്തിൽ എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചതെന്നും ഇതിൽ സർക്കാർ നിലപാട് എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ ;